# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1606**

**14-12-2012 ൽ മറുപടിയ്ക്ക്**

## രാഷ്ട്രീയ കൃഷി വികാസ് യോജന

**ചോദ്യം**

ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.എം.ചന്ദ്രൻ
ശ്രീമതി.കെ.എസ്.സലീഖ

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം 2012-13 ൽ ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് ;

ഇതിനായി ആകെ എന്തു തുക നീക്കിവച്ചു ; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിതര സംഘടനകളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

എങ്കിൽ ഏതെല്ലാം;

വിശദമാക്കുമോ;

(സി) രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ മാർഗ്ഗ നിർദ്ദേശ ങ്ങൾക്ക് അനുസൃതമായിട്ടാണോ സർക്കാരിതര സംഘടനകളെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തത്; മാർഗ്ഗ നിർദ്ദേശങ്ങളുടെ പ്രസക്ത ഭാഗം ലഭ്യമാക്കുമോ;

(ഡി) 2012-13 ൽ എന്ത് തുകയാണ് ഇത്തരത്തിൽ സർക്കാരിതര സംഘടനകൾക്ക് നൽകിയത് ?

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം 2012-13 ൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് 21/06/2012 ലെ സ.ഉ (എം.എസ്) നം. 153/2012/കൃഷി പ്രകാരം ഭരണാനുമതി നൽകി യിട്ടുണ്ട്. പദ്ധതികളുടെ പട്ടിക അനുബന്ധം ഒന്നിലും രണ്ടിലും കാണാവുന്നതാണ്.

(ബി) യും (സി) യും (ഡി) യും ഈ പദ്ധതികൾ നടപ്പിലാക്കുന്ന തിന് സർക്കാരിതര സംഘടന കളെ നേരിട്ട് ചുമതലപ്പെടുത്തി യിട്ടില്ല. ജനശ്രീമിഷനും നെയ്യാറ്റിൻകരയിലെ കോക്കനട്ട് പ്രോസസ്സിംഗ് കോംപ്ലക്സും സമർപ്പിച്ച പദ്ധതികൾ അംഗീകരിക്കുകയും അവയുടെ നടത്തിപ്പിനായി കൃഷി വകുപ്പി നേയും മൃഗസംരക്ഷണ വകുപ്പി നേയും ചുമതലപ്പെടുത്തുകയും ചെയ്തു. ഓരോ പ്രോജക്ടുകൾക്കും അനുവദിച്ച തുക അനുബന്ധ ത്തിൽ കാണാവുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്